**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 630** **17-09-2025 - ൽ മറുപടിയ്ക്ക്**

**അരുവിക്കര മണ്ഡലത്തിൽ നടപ്പാക്കിയ വ്യവസായസംരംഭങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ ജി സ്റ്റീഫൻ** | | **ശ്രീ. പി. രാജീവ്**<br>**(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വ്യവസായ വകുപ്പ് അരുവിക്കര മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ, വ്യവസായ സംരംഭങ്ങൾ, സ്വയംതൊഴിൽ സംരംഭങ്ങൾ എന്നിവ സംബന്ധിച്ച വിശദാംശങ്ങളും അവയുടെ ധനകാര്യ തൽസ്ഥിതി സംബന്ധിച്ച വിവരങ്ങളും വിശദമാക്കാമോ? | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം വ്യവസായ വകുപ്പ് സംരംഭക വർഷം പദ്ധതി, സംരംഭക സഹായ പദ്ധതി, പ്രധാനമന്ത്രി തൊഴിൽദായക പദ്ധതി (PMEGP), ഒരു കുടുംബം ഒരു സംരംഭം പദ്ധതി, മാർജിൻ മണി ഗ്രാന്റ് ടു നാനോ യൂണിറ്റ്സ് എന്നീ പദ്ധതികളിലായി അരുവിക്കര നിയോജക മണ്ഡലത്തിൽ 2,688 സംരംഭങ്ങൾ ആരംഭിക്കുകയും 4,650 പേർക്ക് തൊഴിൽ ലഭ്യമാകുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത കാലയളവിൽ വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി അർഹരായ സംരംഭകർക്ക് ഇൻവെസ്റ്റ്മെന്റ് സബ്സിഡി (സംരംഭക സഹായ പദ്ധതി, പ്രധാനമന്ത്രി തൊഴിൽ ദായക പദ്ധതി, നാനോ യൂണിറ്റുകൾക്കുള്ള മാർജിൻ മണി ഗ്രാന്റ്), പലിശ സബ്സിഡി (ഒരു കുടുംബം ഒരു സംരംഭം പദ്ധതി), ഇൻഷ്വറൻസ് പ്രീമിയം സബ്സിഡി (എം.എസ്.എം.ഇ-കൾക്കുള്ള ഇൻഷ്വറൻസ് പദ്ധതി) എന്നിവ അനുവദിച്ചു നൽകിയിട്ടുണ്ട്.<br><br>കൂടാതെ ബഹു. അരുവിക്കര എം. എൽ.എ യുടെ നിർദ്ദേശപ്രകാരം അരുവിക്കര മണ്ഡലത്തിലെ വനിതകൾ വരുമാനദായകരായ കുടുംബത്തിലെ വനിതകളെ ഉൾപ്പെടുത്തി അരുവിക്കര മണ്ഡലം വനിതാ മൾട്ടി പർപ്പസ് സഹകരണ സംഘം എന്ന പേരിൽ ഒരു വ്യവസായ സഹകരണ സംഘം രൂപീകരിക്കുകയും, തെരെഞ്ഞെടുക്കപ്പെട്ട 27 വനിതകൾക്ക് ആദ്യ ഘട്ടത്തിൽ സ്റ്റിച്ചിംഗ് ആൻഡ് ഫാഷൻ ഡിസൈനിംഗ് പരിശീലനം നൽകുകയും ചെയ്തിട്ടുണ്ട്. തൊഴിൽ സംരംഭം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. പ്രസ്തുത പദ്ധതിയിലേക്ക് സർക്കാർ അനുവദിച്ച 40 ലക്ഷം രൂപയിൽ 2,37,800/- രൂപ ചെലവഴിച്ചിട്ടുണ്ട്.<br><br>വ്യവസായ വകുപ്പ് അരുവിക്കര മണ്ഡലത്തിൽവിവിധ പദ്ധതികൾ മുഖേന ചെലവഴിച്ച തുക ചുവടെ |

| | | | |
|---|---|---|---|
| | | | ചേർക്കുന്നു.<br><br>സംരംഭക സഹായ പദ്ധതി(ESS) - 53,29,606/-<br><br>പ്രധാനമന്ത്രി തൊഴിൽ ദായക പദ്ധതി – 1,97,40,680/-<br><br>പ്രധാനമന്ത്രി മൈക്രോ ഫുഡ് പ്രോസസ്സിംഗ് എന്റർപ്രൈസുകളുടെ ഔപചാരികവൽക്കരണ പദ്ധതി - 40,14,686/-<br><br>ഒരു കുടുംബം ഒരു സംരംഭം പദ്ധതി – 1,60,662/-<br><br>എം.എസ്.എം.ഇ-കൾക്കുള്ള ഇൻഷ്വറൻസ് പദ്ധതി – 47,318/- |

സെക്ഷൻ ഓഫീസർ